ഉത്തരം

(എ) ഉണ്ട്. ഫണ്ടിന്റെ അപര്യാപ്തതയും അപേക്ഷകളുടെ ബാഹുല്യവും കാരണം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് ബന്ധപ്പെട്ട ഡിസ്പെൻസറി ഇൻഷ്വറൻസ് മെഡിക്കൽ ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിലുള്ള നടപടിക്രമങ്ങളിൽ ഭേദഗതി വരുത്തേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്.

ഇ. എസ്. ഐ. അംഗങ്ങൾക്കുള്ള റീ-ഇംപേഴ്സ്മെന്റ്

69 [531] *ശ്രീ. എ. എ. അസീസ്:*

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ.യിൽ അംഗങ്ങളായ തൊഴിലാളികൾക്ക് റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ എത്ര രൂപ കുടിശ്ശിക നൽകുവാനുണ്ട്;

(ബി) ഈ തുക എന്നത്തേക്ക് നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും കൊടുത്തുതീർക്കാവുന്നതാണ്.

ടെക്നോപാർക്കിൽ ഇ.എസ്.ഐ. ആശുപത്രി

70 [532] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി ഐ.റ്റി. കമ്പനികളും വ്യവസായ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന കഴക്കൂട്ടം ടെക്നോപാർക്കിൽ ഒരു ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 29-3-2005-ലെ സ.ഉ. (സാ) നമ്പർ 777/2005/തൊഴിൽ ഉത്തരവുപ്രകാരം ടെക്നോപാർക്ക് ഉൾപ്പെടുന്ന കഴക്കൂട്ടത്ത് ഒരു പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിനായി ഒരു കെട്ടിടം കണ്ടെത്താനുള്ള തീവ്രശ്രമത്തിലാണ്. കെട്ടിടം ലഭിച്ചാലുടൻതന്നെ ഡിസ്പെൻസറി ആരംഭിക്കുന്നതാണ്.

മലപ്പുറത്ത് ഇ.എസ്.ഐ. ആശുപത്രി

71 [533] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് ഒരു ഇ.എസ്.ഐ. ലോക്കൽ ആഫീസ് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറത്തെ ഇ.എസ്.ഐ. ആശുപത്രി തൊഴിലാളികൾക്ക് പ്രയോജന പ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ലായെന്നും ആശുപത്രിക്ക് സൗകര്യപ്രദമായ കെട്ടിടവും ഡോക്ടറും പാരാമെഡിക്കൽ സ്റ്റാഫും മരുന്നും ഇല്ലെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) മലപ്പുറം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ മെഡിക്കൽ ഓഫീസറുടെയും സ്റ്റാഫ് നഴ്സിന്റെയും സേവനം മുഴുവൻ സമയവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഡിസ്പെൻസറി സൗകര്യപ്രദമായ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം

72 [534] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ബെഡ് ഷീറ്റുകൾ, ബെഡ് സൈഡ് ലോക്കറുകൾ, സ്റ്റൂളുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇവ അനുവദിച്ചുനൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly